**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1282 | 02.05.2017-ൽ മറുപടിയ്ക്ക് |
|---|---|

**ഇലക്ട്രോണിക്സ് മാലിന്യങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| ശ്രീ.എം. സ്വരാജ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് ചിലയിടങ്ങളിൽ വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഇലക്ട്രോണിക്സ് മാലിന്യങ്ങൾ വൻതോതിൽ ഇറക്കുമതി ചെയ്ത് സംഭരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇതിനെതിരായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ 2016-ലെ ഇ-വേസ്റ്റ് ചട്ടങ്ങൾ സംസ്ഥാനത്ത് 2016 ഒക്ടോബർ 1 മുതൽക്ക് പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. ടി ചട്ടങ്ങളുടെ ഷെഡ്യൂൾ I - ൽ പ്രതിപാദിക്കുന്ന ഇലക്ട്രിക്കൽ / ഇലക്ട്രോണിക് ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നവർ ഇ-വേസ്റ്റ് ചട്ടങ്ങൾ പ്രകാരമുള്ള ഉല്പാദകന്റെ (പ്രൊഡ്യൂസർ) നിർവചനത്തിൽ വരുന്നു. ഇത്തരക്കാർ ഇ-വേസ്റ്റ് ചട്ടങ്ങൾ പ്രകാരം കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ Extended Producer Responsibility Authorisation കരസ്ഥമാക്കേണ്ടതാണ്. ഇ-മാലിന്യത്തിന്റെ ഇറക്കുമതി സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെട്ടിട്ടുള്ളത് കേന്ദ്ര സർക്കാരിന്റെ ഹസാർഡസ് ആന്റ് അതർ വേസ്റ്റ് ചട്ടങ്ങൾ 2016 - ൽ ആണ്.<br>ഈ ചട്ടങ്ങൾ പ്രകാരം രാജ്യത്തേക്ക് ഇറക്കുമതി ചെയ്യുന്ന ഹസാർഡസ് ആന്റ് അതർ വേസ്റ്റ് സംബന്ധിച്ച് അനുമതി നൽകേണ്ട നോഡൽ അധികാരി, കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം ആണ്.<br>ടി ചട്ടങ്ങളിൽ ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് ഉൽപന്നങ്ങളുടെ ഇറക്കുമതി പ്രതിപാദിക്കുന്നത് ഷെഡ്യൂൾ III-യുടെ പാർട്ട് (ബി), പാർട്ട് (ഡി) എന്നിവയിലാണ്. ഷെഡ്യൂൾ III - യുടെ പാർട്ട് (ബി)-യിൽ വരുന്ന ഇലക്ട്രിക്കൽ, ഇലക്ട്രോണിക് വേസ്റ്റുകൾ ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്ര മന്ത്രാലയത്തിന്റെ അനുമതിയും കരസ്ഥമാക്കേണ്ടതാണ്. ഷെഡ്യൂൾ III-യുടെ പാർട്ട് ഡി - യിൽ വരുന്ന അതർ വേസ്റ്റുകൾ ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമില്ല. ടി ചട്ടങ്ങളിലെ Part (D) of Schedule – III - യിൽ വരുന്ന അതർ വേസ്റ്റുകൾ ഇറക്കുമതി ചെയ്യുന്നതിലേക്കായി ചട്ടത്തിന്റെ Form 6 പ്രകാരമുള്ള അപേക്ഷ കസ്റ്റംസ് അധികൃതർക്ക് ഇറക്കുമതി ചെയ്യുന്ന വ്യക്തി/ സ്ഥാപനം നൽകേണ്ടതാണ്. ടി ചട്ടങ്ങളിലെ ഷെഡ്യൂൾ VIII - ലെ 4-ാം നമ്പരായി ഉൾപ്പെടുത്തിയിട്ടുള്ളത് ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക് ഉല്പന്നങ്ങൾ |

| | | | |
|---|---|---|---|
| | | | കസ്റ്റംസ് അധികാരികൾക്ക് ഇറക്കുമതി ചെയ്യുന്ന വ്യക്തി/ സ്ഥാപനം നൽകേണ്ടുന്ന രേഖകളുടെ വിശദ വിവരങ്ങളാണ്. മതിയായ രേഖകൾ സമർപ്പിക്കുന്ന ഇറക്കുമതിക്കാർക്ക് മാത്രമേ കസ്റ്റംസ് അധികാരികൾ സാധനങ്ങൾ റിലീസ് ചെയ്യുന്നതിന് അനുമതി നൽകുകയുള്ളൂ.<br>വിദേശ രാജ്യങ്ങളിൽ നിന്നും മതിയായ രേഖകൾ ഇല്ലാതെ ഇ-മാലിന്യം സംസ്ഥാനത്തേക്ക് ഇറക്കുമതി ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. കൽക്കട്ട, ഡൽഹി എന്നിവിടങ്ങളിലെ വ്യാപാരികൾ വൻതോതിൽ MFDs (Multi Function Digital Photocopiers) കേരള തുറമുഖം വഴി കഴിഞ്ഞ 2014, 2015, 2016 കാലയളവിൽ ഇറക്കുമതി ചെയ്തിട്ടുള്ളതായി കസ്റ്റംസ് അധികാരിയുടെ അറിയിപ്പ് 2016 ഡിസംബറിൽ മലിനീകരണ നിയന്ത്രണ ബോർഡിന് ലഭിച്ചിട്ടുണ്ട്. 2016 - ലെ ഇ-വേസ്റ്റ് ചട്ടങ്ങൾ പ്രകാരം കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ Extended Producer Responsibility Authorisation ലഭ്യമായിട്ടുള്ള സ്ഥാപനങ്ങൾക്ക് മാത്രമേ ഹസാർഡസ് വേസ്റ്റ് റൂൾസ്, 2016 ഷെഡ്യൂൾ III - പാർട്ട് ഡി - യിൽ ഉൾപ്പെട്ടിട്ടുള്ള MFDs ഇറക്കുമതി ചെയ്യുന്നതിന് അനുമതിയുള്ളൂ. ഹസാർഡസ് വേസ്റ്റ് റൂൾസ്, 2016 പ്രകാരം ഉപയോഗിച്ച MFD - കൾ നേരിട്ടുള്ള ഉപയോഗത്തിനു (Direct reuse) മാത്രമേ ഇറക്കുമതി ചെയ്യാൻ കഴിയൂ. എന്നാൽ 2016 - ൽ ഹസാർഡസ് വേസ്റ്റ് റൂൾസ്, 2016 നിലവിൽ വന്നതിനുശേഷം കസ്റ്റംസ് ക്ലിയറൻസിനായി വന്നിട്ടുള്ള 11 ഓളം ഇറക്കുമതിക്കാർ സമർപ്പിച്ചിട്ടുള്ള ഏകദേശം 80 bills of Entry (ഏകദേശം 8000 MFD - കളുടെ ഇറക്കുമതിക്കു വേണ്ടിയുള്ളത്) കസ്റ്റംസ് അധികാരി മതിയായ രേഖകൾ ഇല്ലാത്തതിനാലും തുടർന്ന് ഉപയോഗിക്കുന്നതിനായി പല മെഷീനുകൾക്കും റിപ്പയർ/ റിഫർബിഷ്മെന്റ് ആവശ്യമാണ് എന്ന അവസ്ഥ കണ്ടതിനാലും ഇറക്കുമതി തടഞ്ഞുവച്ചിട്ടുള്ളതാണ്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ഈ വിഷയത്തിൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൽ അറിയിപ്പു നൽകുകയും, അവിടെ നിന്നുള്ള അനുമതി ഇറക്കുമതിക്കാർക്ക് ഉള്ളതായി അറിയുവാൻ കഴിയാത്തതിൽ ടി കൺസൈൻമെന്റുകൾ ഹസാർഡസ് വേസ്റ്റ് റൂൾസ്, 2016 ലെ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യും പ്രകാരം തിരിച്ചു കയറ്റിവിടുന്നതിനായി കസ്റ്റംസ് അധികാരിയെ വിവരം അറിയിച്ചിട്ടുള്ളതാണ്. |
| (സി) | ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിന് കർശനമായ നടപടികൾ സ്വീകരിക്കുമോ? | (സി) | ഇ-മാലിന്യങ്ങൾ സംസ്ഥാനത്ത് എത്തിച്ചേരുന്നത് തടയുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമായി നടപ്പിലാക്കേണ്ടത് കേന്ദ്രഗവൺമെന്റിന്റേയും അതിനു കീഴിൽ വരുന്ന വിവിധ ഏജൻസികളുടേയും ചുമതലയാണ്. |

സെക്ഷൻ ഓഫീസർ